**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3488** **05-08-2021 - ല്‍ മറുപടിയ്ക്ക്**

**കോണ്‍ട്രാക്ട് അടിസ്ഥാനത്തില്‍ ജോലി ചെയ്യുന്ന വനിത ജീവനക്കാര്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സര്‍ക്കാര്‍ സ്ഥാപനത്തില്‍ കോണ്‍ട്രാക്ട് അടിസ്ഥാനത്തില്‍ ജോലി ചെയ്തുവരുന്ന വനിത ജീവനക്കാര്‍ക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധിക്ക് അര്‍ഹതയുണ്ടോ; | (എ) | കെ.എസ്.ആര്‍, ഭാഗം I, അനുബന്ധം 1 പ്രകാരമുള്ള കരാറില്‍ ഏര്‍പ്പെട്ടകയോ കരാര്‍ ജീവനക്കാര്‍ക്ക് കെ.എസ്.ആര്‍. ലെ അവധി ചട്ടങ്ങള്‍ ബാധകമാക്കുകയോ ചെയ്തിട്ടുള്ള പക്ഷം പ്രസ്തുത വനിത ജീവനക്കാര്‍ക്ക് കെ.എസ്.ആര്‍, ഭാഗം I, അനുബന്ധം VIII ചട്ടം 2 ന് ചുവടെയുള്ള കുറിപ്പ് പ്രകാരം ശമ്പളത്തോടുകൂടിയ പ്രസവ അവധിയ്ക്ക് അര്‍ഹതയുണ്ട്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകള്‍ പരിഷ്കരിച്ച് 04/01/2021 ലെ സ.ഉ.(അച്ചടി) നം. 02/2021/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം വനിത ജീവനക്കാര്‍ ഹിസ്റ്ററക്ടമിക്ക് വിധേയമായാല്‍ അവര്‍ക്ക് 45 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിക്ക് അര്‍ഹതയുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇല്ലെങ്കില്‍ മാനുഷിക പരിഗണനയില്‍ ആയത് അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോള്‍ പരിഗണനയിലില്ല. |

സെക്ഷന്‍ ഓഫീസര്‍

**GOVERNMENT OF KERALA**

**Abstract**

The Kerala Service Rules, Part I – Extending the benefit of Maternity Leave to the female officers appointed on contract basis, irrespective of the tenure - Orders Issued.

---

**FINANCE (RULES-B) DEPARTMENT**

**G.O.(P) No. 2/2021/Fin** **Dated, Thiruvananthapuram, 04/01/2021**

---

**ORDER**

As per Note below Rule 2, Appendix VIII, Part I, the Kerala Service Rules, Maternity leave under Rule 100 and 101 is admissible to female officers appointed on contract basis continuing in service beyond one year provided they would continue in service but for proceeding on such leave. On the other hand the female officers appointed on contract for a period of one year or less are not eligible for Maternity Leave.

2. The Hon'ble High Court in the judgment dated 27/02/2018 in WP (C) 30561/2017; Rakhi P.V. and others Vs. State of Kerala and another, has ordered that the petitioners who are appointed on contract basis will be entitled to maternity leave as is due to women employees under the Service Rules applicable to State and Central Government servants and to women employees under the Maternity Benefit Act, 1961.

3. Government have examined the matter in detail and are pleased to extend the benefit of Maternity leave on full pay as per Rule 100, Part I, the Kerala Service Rules up to a period of 180 days or till the expiry of the existing contract whichever is earlier, to female officers appointed on contract basis, irrespective of the tenure of contract, subject to the condition that the leave will not be admissible from a date before three weeks from the expected date of confinement certified by the medical officer. Leave on full pay as per Rule 101, Part I, the Kerala Service Rules is also extended to female officers appointed on contract basis, irrespective of the tenure of contract, up to a period of 6 weeks or till the expiry of the existing contract whichever is earlier, subject to the condition that application for the leave is supported by a certificate from the medical officer.

4. No officer shall be entitled to the above benefits unless she has actually worked under the employer for a period of not less than eighty days immediately preceding her expected date of delivery or date of miscarriage.

5. These orders will take effect from 27/02/2018. Necessary amendments to the Kerala Service Rules will be issued separately.

**By order of the Governor,**

**RAJESH KUMAR SINGH**
**Additional Chief Secretary (Finance)**

To

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (Audit)-II, Kerala, Thiruvananthapuram.
All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.
The Secretary to Governor, Raj Bhavan.
The Private Secretary to Speaker/Deputy Speaker of the Legislative Assembly.
The Additional Secretary to the Chief Secretary.
The Private Secretaries to the Chief Minister and other Ministers.
The Private Secretary to the Leader of Opposition.
All Heads of Departments / Offices.
All Departments and Sections of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, K.P.S.C., Thiruvananthapuram (with C.L.)
The Registrar, High Court of Kerala, Ernakulam (with C.L.)
The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C.L.)
The Registrar, Fisheries University (with C.L.)
The Registrar, Kerala Veterinary and Animal Sciences University (with C.L.)
The Registrar, Kerala University of Health & Allied Sciences (with C.L.)
The Registrar, National University of Advanced Legal Studies (with C.L.)
The Registrar, Central University of Kerala (with C.L.)
The Registrar, Thunchath Ezhuthachan Malayalam University (with C.L)
The Registrar, Kerala Lok Ayukta, Thiruvananthapuram.

The Registrar, Kerala Agricultural University, Mannuthi.
The Registrar, Sree Sankara Sanskrit University, Kalady (with C.L.)
The Secretary, Ombudsman for Local Self Government, Thiruvananthapuram.
The Advocate General, Kerala, Ernakulam (with C.L.)
The Secretary, K.S.E.B., Thiruvananthapuram (with C.L.)
The General Manager, K.S.R.T.C., Thiruvananthapuram.
The Secretary, Human Rights Commission, Thiruvananthapuram.
The State Election Commissioner, Kerala, Thiruvananthapuram.
The State Chief Information Commissioner (with C.L.)
The Nodal Officer, www.finance.kerala.gov.in.
The Web and New Media, Information & Public Relations Department.
The Stock File/Office Copy (E 1308741, RULES-B1/131/2019-FIN).

**Forwarded By Order**

**Section Officer**

# കേരള സർക്കാർ

## സംഗ്രഹം

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന് - കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വനിതാ ഉദ്യോഗസ്ഥർക്ക് കരാർ ദൈർഘ്യം കണക്കിലെടുക്കാതെ പ്രസവാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 2/2021/ധന** **തീയതി, തിരുവനന്തപുരം, 04/01/2021**

---

## ഉത്തരവ്

കെ.എസ്.ആർ, ഭാഗം I, അനുബന്ധം VIII, ചട്ടം 2-ന്റെ ചുവടെയുള്ള കുറിപ്പ് പ്രകാരം കെ.എസ്.ആർ., ഭാഗം I, ചട്ടങ്ങൾ 100-ഉം, 101-ഉം പ്രകാരമുള്ള പ്രസവാവധി, ഒരു വർഷത്തിലധികമുള്ള നിയമനകരാറിൽ ഏർപ്പെട്ട് ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവർ ഒരു വർഷത്തിൽ കൂടുതൽ കരാർ സർവ്വീസിൽ തുടരുകയും അവധിക്ക് ശേഷവും തുടരാനായി സർവ്വീസ് ഉണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷം അനുവദനീയമാണ്. എന്നാൽ ഒരു വർഷത്തേയ്ക്കോ അതിൽ കുറവ് കാലയളവിലേയ്ക്കോ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന വനിതാ ഉദ്യോഗസ്ഥർക്ക് പ്രസവാവധിക്ക് അർഹതയില്ല.

2. WP (C) 30561/2017; Rakhi P.V. and others Vs. State of Kerala and another എന്ന കേസിലെ 27/02/2018 തീയതിയിലെ വിധിന്യായത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരവും 1961-ലെ മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരവും വനിതാ ഉദ്യോഗസ്ഥർക്ക് അനുവദനീയമായ പ്രസവാവധിയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിതരായ പരാതിക്കാർക്കും അവകാശമുണ്ടെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക്, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ, കരാർ ദൈർഘ്യം കണക്കിലെടുക്കാതെ, 180 ദിവസത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നു വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു. കൂടാതെ, കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക്, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന് വിധേയമായി കരാർ ദൈർഘ്യം കണക്കിലെടുക്കാതെ ആറ് ആഴ്ചത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ, ഏതാണോ ആദ്യം അന്നു വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 101 പ്രകാരം പൂർണ്ണ ശമ്പളത്തോടെയുള്ള അവധിയും അനുവദിക്കുന്നു.

4. പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ട് മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

5. ഈ ഉത്തരവിന് 27/02/2018 തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)-II, കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (ആമുഖ കത്തോടുകൂടി)
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്തോടുകൂടി)
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 1308741, RULES-B1/131/2019-FIN).

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**